പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6464   01.11.2011 ൽ മറുപടിക്ക്.

## മാവേലിക്കര മണ്ഡലത്തിലെ ആരോഗ്യപരിപാലന നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| എ) മാവേലിക്കര ഗവൺമെന്റ് ആശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | എ) ഉണ്ട്. മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെ ആകെ 28 തസ്തികകളാണ് നിലവിലുള്ളത്. അതിൽ ഒരു ജൂനിയർ കൺസൾട്ടന്റിന്റെ (മെഡിസിൻ) ഒഴിവ് മാത്രമാണ് നിലവിലുള്ളത്. കൂടാതെ 3 ഡോക്ടർമാർ പ്രസവാവധിയിലും, 4 ഡോക്ടർമാർ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റ് ആശുപത്രികളിൽ ജോലി നോക്കി വരുന്നു. ജൂനിയർ കൺസൾട്ടന്റിന്റെ (മെഡിസിൻ) ഒഴിവിൽ എൻ.ആർ.എച്ച്.എം. വഴി ഒരു ഡോക്ടറുടെ സേവനം ലഭിക്കുന്നുണ്ട്.<br>ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവ് നികത്തുന്നതിലേക്കായി സർവ്വീസിൽ പി.ജി. ഡിഗ്രി ഉള്ളവരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) മാവേലിക്കര മണ്ഡലത്തിലെ പി.എച്ച്.സി., സി.എച്ച്.സി. കളുടെ നവീകരണം പരിഗണനയിലുണ്ടോ; | ബി) മാവേലിക്കര മണ്ഡലത്തിൽ കുറത്തിക്കാട്, ചുനക്കര, എന്നീ സി.എച്ച്.സി. കളിലും നൂറനാട്, വള്ളിക്കുന്നം എന്നീ പി.എച്ച്.സി. കളുമാണ് ഉള്ളത്. ഇതിൽ നൂറനാട് പി.എച്ച്.സി. യുടെ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ സംബന്ധിച്ച് ഇ.എൽ.ഒ നടത്തിയ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ മേൽ നടപടികൾ സ്വീകരിച്ചു വരുന്നു. വള്ളിക്കുന്നം പി.എച്ച്.സി. യിൽ തസ്തിക സൃഷ്ടിക്കണമെന്ന ആവശ്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. കൈമാറ്റം ചെയ്യപ്പെട്ട ആരോഗ്യ സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണസ്ഥാപനമാണ്. |
| സി) മാവേലിക്കര ആയുർവേദ ഗവൺമെന്റ് ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്കുള്ള കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുമോ; | സി) മാവേലിക്കര ഗവൺമെന്റ് ആയുർവേദ ആശുപത്രി 20 കിടക്കകളോടുകൂടിയ ആശുപത്രിയായാണ് പ്രവർത്തിച്ചു വരുന്നത്. കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

| | |
|---|---|
| ഡി) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനിട്ടോറിയത്തിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ആംബുലൻസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | ഡി) ഇപ്പോൾ സ്വരാജ് മസ്ദയുടെ വാഹനമാണ് ഉപയോഗിക്കുന്നത്. ലെപ്രസി യൂണിറ്റിന് അത്യാധുനിക സൗകര്യങ്ങളുള്ള ആംബുലൻസ് ആവശ്യമില്ല. എന്നാൽ ആലപ്പുഴ ജില്ലക്ക് അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ആംബുലൻസ് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. |
| ഇ) ഇല്ലെങ്കിൽ ഇതിനുള്ള ധന സഹായം ലഭ്യമാക്കി ആംബുലൻസ് അനുവദിക്കുമോ; | ഇ) ബാധകമല്ല. |
| എഫ്) നൂറനാട് ലെപ്രസി സാനിട്ടോറിയത്തിൽ ഫിസിക്കൽ മെഡിസിൻ യൂണിറ്റ് അനുവദിക്കുന്നത് പരിഗണനയിൽ ഉണ്ടോ; എങ്കിൽ എന്നത്തേക്ക് അനുവദിക്കുമെന്ന് വ്യക്തമാക്കുമോ; | എഫ്) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| ജി) ആംബുലൻസിനായി ഉപയോഗിക്കുന്ന വാഹനങ്ങൾക്കുള്ള നിബന്ധകൾ എന്തെല്ലാമാണ്;<br>എച്ച്) യാതൊരു സൗകര്യമോ സുരക്ഷിതത്വമോ കൂടാതെ ചെറിയ വാഹനങ്ങൾ ആംബുലൻസായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ഐ) എങ്കിൽ ഇതിനെതിരെ കർശന നടപടി സ്വീകരിക്കുമോ; | ജി), എച്ച്) & ഐ) വിവരം ശേഖരിച്ചു വരുന്നു. |
| ജെ) കോട്ടയം മെഡിക്കൽ കോളേജിൽ തീപൊള്ളലേറ്റവർക്കായി പ്രത്യേക വാർഡ് ഉണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സൗകര്യം നൽകാമോ? | ജെ) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ